# എം എൽ പി എസ് കാമ്പുറം

2025 26

## അക്കാദമിക മാസ്റ്റർ  പ്ലാൻ

ആമുഖം

2025-26 അധ്യയന വർഷത്തിൽ എ എം എൽ പി എസ് കാമ്പുറം എന്ന ഞങ്ങളുടെ ഈ കൊച്ചു വിദ്യാലയം വിദ്യാർത്ഥികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ.അക്കാദമിക തലത്തിലും കലാകായിക മേഖലകളിലും മികച്ച വിജയം നിലനിർത്തിക്കൊണ്ട്  മുന്നേറിക്കൊണ്ടിരിക്കുന്നു. ഈ അധ്യയന വർഷത്തിലും അക്കാദമിക മികവ്, എൽഎസ്എസ്, ക്വിസ് മത്സരങ്ങൾ, മത്സരപരീക്ഷകൾ, മേളകൾ എന്നിവയുടെ മികച്ച വിജയം നേടിയെടുക്കാനുള്ള ഏറ്റവും മെച്ചപ്പെട്ട പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒന്നാം ക്ലാസ്സ്

### മലയാളം

Scanned with OKEN Scanner

# ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
* ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
* കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
* തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
* ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
* കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
* പ്രവർത്തന ലക്ഷ്യങ്ങൾ
* ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരം ഒരുക്കുന്നു.
* സർഗ്ഗശേഷികൾ കൈവരിക്കുന്നു.
* പശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
* പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
* കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു..
* സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
* രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

## ജൂൺ

പ്രവർത്തനങ്ങൾ

* സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
* സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

- അക്കാദമി മാസ്റ്റർ പ്ലാൻ അവതരണം
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

ജൂലൈ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

ഓഗസ്റ്റ്

പ്രവർത്തനങ്ങൾ

- റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ
- എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- അനുഭവവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

ഒക്ടോബർ

പ്രവർത്തനങ്ങൾ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

Scanned with OKEN Scanner

- ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു.

## നവംബർ

### പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- കൂട്ട വായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- വായനോത്സവം തുടങ്ങുന്നു
- രചനോത്സവം തുടങ്ങുന്നു
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ.
- താളാത്മകമായി കവിതകൾ ചൊല്ലൽ.

### പ്രവർത്തനങ്ങൾ

- സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാകുന്നു.
- ചിത്ര വായന നടത്തുന്നു.
- ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു
- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

## ഡിസംബർ

### പ്രവർത്തനങ്ങൾ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും
- രചന ശേഷി പരിപോഷിപ്പിക്കൽ.
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപ്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
- സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു..
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കൈയെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

## ഫെബ്രുവരി

### പ്രവർത്തനങ്ങൾ

- ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവ സരം ഒരുക്കുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
- സ്വന്തമായി രചനകൾ നടത്തി കൈയെടുത്ത പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിനും മുന്നിൽ പ്രകടിപ്പിക്കുന്നു.

## മാർച്ച്

### പ്രവർത്തനങ്ങൾ

- കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
- വീട്ടുവായന,കൂട്ടവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന,സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

### വിലയിരുത്തൽ പ്രവർത്തനങ്ങൾ.

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്ര്യ രചനകളെ വായനക്കാർടുകളായി മാറ്റിയിട്ടുണ്ട്.
- രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
- കുട്ടികളുടെ രചനകൾ ചേർത്ത് കൈയെടുത്ത പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
- സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
- സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
- സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
- എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

Scanned with OKEN Scanner

# Academic master plan

## STD 1

## English

Scanned with OKEN Scanner

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familiarise the names of birds, animals, their young ones and identifies them from pictures.

June

- Introduce symbol words.
- Provides picture cards.

July

- Identify familiar words.
- Say familiar words.
- Read familiar words.
- Write familiar words.

August

- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects using adjectives.

September

- Read and write simple words and Simple sentences
- Provides picture cards and reading cards.

October

- Introduce symbol picture descriptions.
- Make word chain, sentence chain.
- Make riddles.
- Describing words, rhyming words.
- Text book activities.

November

- Prepare reading cards.
- Provide more opportunities to read, right and speak English.
- Writes five English words daily.

December

- Read and understand simple instructions in the classroom.
- Encourage digital reading.

Scanned with OKEN Scanner

January.

- Enjoy songs and sings them with Rhythm and action.
- Make picture albums.
- Collect pictures of animals and its young ones.

February

- provide the opportunity to express myself in the classroom.
- English assembly once in a week.

March

- Speaks English fluently.
- Read and write simple sentences
- Picture reading and picture description.

Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 1

### ഗണിതം

Scanned with OKEN Scanner

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ

- ഒന്ന് മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആകുന്നു.
- രണ്ട് ഒരൊക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട് ഉറക്ക സംഖ്യകളുടെ വ്യവകലനം.
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യപാറ്റേൺ രൂപീകരിക്കൽ.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.

ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

ഓഗസ്റ്റ്

- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

ഒക്ടോബർ

- ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

നവംബർ

Scanned with OKEN Scanner

- സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
- ഗണിത ആൽബം തയ്യാറാക്കൽ

ജനുവരി

- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

- ഗണിത ആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു.
- വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്.

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.
- സംഖ്യകളുടെ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു.

Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർപ്ലാൻ

2025-26

ക്ലാസ് - 2

Scanned with OKEN Scanner

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മ വിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk...... പ്രതിഭാധനരുമായി സംവദിക്കൽ.<br><br>English ബാലസഭ.<br><br>ഇംഗ്ലീഷ് അസംബ്ലി One day English | മൂന്ന് മാസത്തിൽ ഒന്ന്<br><br>മാസത്തിൽ ഒന്ന്<br><br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher<br>SMC | S S A |

Scanned with OKEN Scanner

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ് | 1) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ<br>2) ലഘുപതിപ്പുകൾ തയ്യാറാക്കൽ. | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>മദർ പി.ടി.എ<br>സ്റ്റാഫ്. | ടണ്ണ<br>മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിയുണർത്താം | 1) രചനാശില്പശാല കഥ, കവിത, രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തികൾ | SRG<br>SMC |

Scanned with OKEN Scanner

ഉപമേഖല - ഗണിതം

ക്ലാസ് - II



| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ) | ആഴ്ചയിൽ ഒന്ന് വീതം | SRG ക്ലാസ് ടീച്ചർ | SSA |
| | ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ) | മാസത്തിൽ ഒന്ന് വീതം | | |

Scanned with OKEN Scanner

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ<br>ക്ലാസുകൾ<br>പോസ്റ്റർ രചനാ മത്സരം<br>അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ<br>SRG<br>SMC | |
| പ്രകൃതിയെ അറിയാൻ. | പ്രകൃതി നടത്തം<br>കാഴ്ചബംഗ്ലാവിലേക്ക്.<br>കാണാക്കാഴ്ചകൾ - ഇല | സപ്തംബർ<br>ഡിസംബർ | ടീച്ചേഴ്സ്<br>SRG<br>SMC | SMC |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം.<br>കൃഷിയിടത്തിലേക്ക്.<br>നമുക്കും കർഷകരാകാം | ജനുവരി | SRG<br>SMC<br>നാട്ടുകാർ | |

Scanned with OKEN Scanner

# AMLPS KAMBURAM

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

## 2025-26

Scanned with OKEN Scanner

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **വായന**<br>മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ക്ലാസ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ | സി പി ടി എ | സി പി ടി എ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപകൻ | അധ്യാപകൻ |
| | അമ്മ വായന<br>അമ്മമാരുടെ വായനാകുറിപ്പുകൾ സി പി ടി എ കളിൽ അവതരിപ്പിക്കുന്നു | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |
| | വായനാകാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപകൻ | സി പി ടി എ |
| **ലേഖനം**<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക<br>- അക്ഷരം തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക<br>ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ<br>ജൂൺ 19 വായനാദിനം വായനാവാരം<br>ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ<br>ആഗസ്റ്റ് 9 നാഗസാക്കി ദിനം | ജൂൺ<br>ജൂൺ<br>ആഗസ്റ്റ് | അധ്യാപകൻ | സി പി ടി എ |



Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | പോസ്റ്റർ<br>ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം<br>സെപ്റ്റംബർ 5 അധ്യാപക ദിനം പഴയകാല അധ്യാപകരുമായി അഭിമുഖം<br>ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ 10 ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത്<br>നവംബർ 1 കേരളപ്പിറവി പ്രസംഗം<br>നവംബർ 14 ശിശുദിനം | ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>ഒക്ടോബർ<br>നവംബർ | | |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ<br>വേദി - സി പി ടി എ | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |

Scanned with OKEN Scanner

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം ,വൃത്തം ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം,ത്രികോണം ,വൃത്തം എന്നിവ നിർമിക്കുന്നു. | ജൂൺ, ജൂലൈ | അധ്യാപകൻ, സി പി ടി എ | ഇല്ല |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപകൻ | ഇല്ല |
| | • നാണയങ്ങൾ, കളിനോട്ടുകൾ<br>• പാറ്റേണുകൾ (ഗണിത ക്ലബ്ബ് ) | ആഗസ്റ്റ് | അധ്യാപകൻ, കുട്ടികൾ | സി പി ടി എ |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| സങ്കലന- വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | • *മനഃ കണക്കുകൾ*<br>• *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ* | ഒക്ടോബർ - നവംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| ഗുണന വസ്തുതകൾ നേടൽ | • *മനഃ കണക്കുകൾ*<br>• *മഞ്ചാടിക്കളി* | ഡിസംബർ - ജനുവരി | അധ്യാപകൻ, കുട്ടികൾ, സി പി ടി എ | ഇല്ല |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ*<br>• *ഐ സി ടി വിഭവങ്ങൾ ഉപയോഗിച്ച്* | ഫെബ്രുവരി - മാർച്ച് | അധ്യാപകൻ, കുട്ടികൾ | ഇല്ല |

Scanned with OKEN Scanner

അക്കാദമിക മാസ്റ്റർ പ്ലാൻ - ക്ലാസ് 3 ..-2025

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളെ തരംതിരിക്കൽ<br>പ്രകൃതി നടത്തം - (പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം ) | ജൂൺ, ജൂലൈ | അധ്യാപകൻ | ഇല്ല |
| പ്രകൃതി സംരക്ഷണം | • മണ്ണ് ,ജലം , വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക<br>• മഴക്കുഴി നിർമാണം<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമസേനക്ക് കൈമാറൽ | ആഗസ്റ്റ് - സെപ്റ്റംബർ | • അധ്യാപകർ<br>• പി ടി എ<br>• ഹരിതകർമസേന - പി ടി എ | • പി ടി എ |
| വ്യക്തി ശുചിത്വം | • കൈ കഴുകൽ - പരിശീലനം<br>• പോസ്റ്റർ നിർമാണം ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്റ്റംബർ- ഒക്ടോബർ | ജെ ആർ സി യൂണിറ്റ്<br>അധ്യാപകൻ, കുട്ടികൾ | പി ടി എ<br>ഇല്ല |

Scanned with OKEN Scanner

# ENGLISH

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| To study alphabets | • PRE-TEST<br>• Write simple words | June - July | Teacher, Students | P T A |
| To study , write and read simple words | Circle the word from TB and read | August - September | Teacher, Students | Nil |
| Create more opportunities for English speaking in the class room | Class room communication should be in English, like May I drinks some water ? May I Go to bathroom ?<br>• Hello.<br>• Hello, everyone.<br>• Good morning.<br>• Good morning everyone.<br>• Good morning class.<br>• Good Afternoon everyone.<br>• How are you?<br>• How are you all?<br>• How are you today?<br>• Let me take attendance etc | Academic year | Teacher, Students, Parents | Nil |

Scanned with OKEN Scanner

അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

ക്ലാസ്: 4

A.M.L.P.S. kamburam

Scanned with OKEN Scanner

## മലയാള ഭാഷ (Std IV)

| മധുരം മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

Scanned with OKEN Scanner

# English – Std IV

| ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതു. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| ഇംഗ്ലീഷ് മാഗസിൻ | | | | |
| സർഗാത്മകതാ രചനശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| **ഇംഗ്ലീഷ് കൈയെഴുത്ത്** | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| **ഇംഗ്ലീഷ് കോർണർ** | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ<br><br>വായനാവേള ഒരുക്കൽ<br><br>വായനാകുറിപ്പ് - പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| **ഇംഗ്ലീഷ് ഫെസ്റ്റ്** | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ) | വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | ഒങ ഇഹാമൈ ഠലാരവല്യ ടങ്ങ ഇഹാമൈ ജാഠങ്ങ | ജാഠങ്ങ ഊീറ ടങ്ങ |

Scanned with OKEN Scanner

Downloaded from: https://textbooksall.blogspot.com/

## പരിസരപഠനം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക്ക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ- ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം<br>കളറ ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസശദ,<br>പതിപ്പ്, ചാർട്ട്,<br>ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാരുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്. കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

Scanned with OKEN Scanner

# ഗണിതം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം..ഗണിക്കാം** | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | Sഞംഏ<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

Scanned with OKEN Scanner

# Academic Master Plan

2025-26

Standard - V

Scanned with OKEN Scanner

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

Scanned with OKEN Scanner

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ്.എം. അവതരണ മികവ്. | **സെന്റ് മേരീസ് എഫ്.എം.**<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ച്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |



Scanned with OKEN Scanner

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | **Lend Your Ear-** ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |
| | **Follow Me If You Can!** ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Breaking News** ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Missing Man** അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Treasure Hunt** വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിവിധ അറകളൊരുക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |

Scanned with OKEN Scanner

# മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | I Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | F.M. Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |

# മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ-എക്സ്പ്ലോർ** ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

Scanned with OKEN Scanner

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | പി ടി എ സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിക് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

Scanned with OKEN Scanner

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | **Virtual Field Trip**<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3. ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4. പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

Scanned with OKEN Scanner

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സഹഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി ടി എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാനസികതലം സൃഷ്ടിക്കുന്നു. മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിരീക്ഷണം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |



Scanned with OKEN Scanner

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,...... ഉപയോഗിക്കുന്നു ) | ജൂൺ മാസം | ഗണിത അധ്യാപകൻ | • |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതു പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

Scanned with OKEN Scanner

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പിരിഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

AMLP SCHOOL KAMBURAM

A SMILE



അറബിക് അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

# 1.അറബിക് മധുരം

**ലക്ഷ്യം:**

അറബിക് ഭാഷയിൽ പിന്നോക്കംനില്ക്കുന്ന കുട്ടികളെ
പരിപോഷിക്കുവാനുള്ള പ്രത്യേക പരിപാടി..

**പ്രവർത്തനം**

ടെസ്റ്റ് നടത്തി പിന്നോക്കം
നില്ക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.

അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക്
കമ്പ്യൂട്ടറിലെ പൈന്റ് അക്ഷരങ്ങൾ നല്കി കുട്ടികൾ നിറം നല്കുക..

ഓരോ കുട്ടികള്ക്കും ഓരോ ടാബ് വീതം നല്കി ഇൻസ്റ്റാൾ ചെയ്ത
അക്ഷര ഗൈമുകൾ നല്കുന്നു. അധ്യാപകന്റെ മേൽ നോട്ടത്തിൽ കുട്ടികൾ
ഗൈമിലൂടേ ആസ്വദിച്ച് അക്ഷരങ്ങൾ പഠിക്കുന്നു
പ്രത്യേകം തെയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത
സമയത്ത് "അറബിക് മധുരം" ക്ലാസ് നല്കുക

**കാലയളവ് :**

2 മാസം

**ഭൗതികം :**

പുസ്തകങ്ങൾ, ക മ്പ്യൂട്ടർ

**പിന്തുണ :**

ഡയറ്റ്, BRC , പൂർവ്വ വിദ്യാർത്ഥികൾ

Scanned with OKEN Scanner

# 2. വായനാ ലോകം

**ലക്ഷ്യം:**

- കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ
- നല്ലവായനക്കാരനാക്കുക

**പ്രവർത്തനം**

1. തെരഞ്ഞെടുത്ത ലളിതമായഅറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി)
   പുസ്തകങ്ങൾ:
   ചിത്ര കഥ (അറബിക്)
   കഥ പുസ്തകം (അറബിക്)
   കുട്ടിക്കവിതകൾ (അറബിക്)
   വിവരണ ബുക്കുകൾ (അറബിക്)
   അറബിക് ക്വിസ്

2. ക്ലാസ്സ് വായന:
   ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക
   വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക
   കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നല്കുക

**കാലയളവ് :**

6 മാസം

**ഭൗതികം :**

പുസ്തകങ്ങൾ, സ്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറി

**പിന്തുണ :**

- അറബിക് അധ്യാപകർ,
- റിട്ടയർചെയ്ത നാട്ടിലെ അറബിഭാഷ അധ്യാപകർ,
- നാട്ടിലെ അറബി രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ
- ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യൽ
- സ്പോൺസർഷിപ്പിലൂടെപണം സമാഹരിക്കൽ
- സർക്കാർ ഫണ്ട്

Scanned with OKEN Scanner

## 3. ആസ്വാദന ലോകം

**ലക്ഷ്യം:**

സർഗ വാസനകളെ കണ്ടെത്തി പരിപോഷിപ്പിക്കൽ

**പ്രവർത്തനം**

1. ആസ്വാദന സഭ:
   പാടാനും പറയാനും കഴിയുന്ന മികച്ചപ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനുംശ്രവിക്കാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ അസ്വാദന സഭ... ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ അസ്വാദകരാവണം.....

2. കാഴ്ചയും കേൾവിയും:
   നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽ.സി.ഡി പ്രോജക്റ്ററിന്റെ സഹായത്തോടെ കാണാനുള്ള അവസരം.

3. ഉദാഹരണം:
   ഖുർആൻ കഥകൾ, ഗുണപാഠ കഥകൾ,ആനിമേഷൻ വീഡിയോകൾ, ധാർമിക കഥകൾ, ഡോക്യുമെന്ററികൾ

**കാലയളവ് :**

6 മാസം

**ഭൗതികം :**

സ്കൂൾ ഹാൾ
ലാംഗ്വേജ് ലാബ്
എൽ.സി.ഡി കമ്പ്യൂട്ടർ

Scanned with OKEN Scanner

## 4. അനുഭവ ലോകം

**ലക്ഷ്യം**

അറബിക് ലാംഗ്വേജ് ലാബ്

**പ്രവർത്തനം**

• വിദേശ ഭാഷ പഠനം ഏറ്റവുംസാധ്യമാവുക ഭാഷാന്തരീക്ഷം സൃഷ്ടിക്കുമ്പോഴാണു. അറബി ഭാഷാ പഠനത്തിനു ലാംഗ്വേജ് ലാബ് ഉപയോഗപ്പെടുത്തുന്നു.

• തനതായ അറബി ഭാഷാ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കേൾക്കാനും കാണാനും സൗകര്യം ഉണ്ടാക്കുക.

• ഓരോരുത്തർക്കും (ഓരോ കമ്പ്യൂട്ടർ)/ എൽ.സി.ഡി. പ്രോജക്റ്ററിന്റെ സഹായത്തോടെ പഠനപ്രവർത്തനവുമായി ബന്ധപ്പെട്ട തെരഞ്ഞടുത്ത വീഡിയോകൾ/പാട്ടുകൾ/ കഥകൾ/ സംഭാഷണങ്ങൾ കാണാനും കേൾക്കാനും അനുഭവിക്കുവാനുമുള്ള അവസരം.

**കാലയളവ് :**

6 മാസം

## 5. അറബിക് അസംബ്ലി

- ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക
- ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക
- ചെറിയ അറബിക് കുറിപ്പുകൾ വായിക്കുക
- പുസ്തകം പരിചയപ്പെടുത്തൽ
- സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ

Scanned with OKEN Scanner

## 6. പദപരിചയം

ലക്ഷ്യം:

അറബി പദ സമ്പത്ത് വർദ്ധിപ്പിക്കൽ

പ്രവർത്തനം

► അറബിക് അധ്യാപകന്റെ മേൽ നോട്ടത്തിൽ എല്ലാ ദിവസവും രാവിലെ പ്രാർത്ഥനക്കു ശേഷം മുതിർന്ന ക്ലാസിലെ ഒരു വിദ്യാർത്ഥി ക്ലാസിലെ നമ്പർ അനുസരിച്ച് ഒരു അറബി പദം മൈക്കിലൂടെ അറബിയിൽ പരിചയപ്പെടുത്തുന്നു.

► ക്ലാസിലെ ലീഡർമാർ ആ പദം ബോർഡിൽ എഴുതുന്നു.

► പ്രസ്തുത പദം അറബിക് നോട്ടിസ് ബോർഡിൽ പതിക്കുക..

► എല്ലാ വിദ്യാർത്ഥികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിലത്തൽ നടത്തുന്നു.
മികച്ചു നില്ക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നല്കി പ്രോത്സാഹനം നല്കുന്നു

## 7. ദിനാചരണങ്ങൾ

- സ്കൂളി നടക്കുന്ന ദിനാചരണങ്ങളിൽ അധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു

- നേരത്തെ നിശ്ചയിച്ചതനുസരിച്ച് ഓരോ ദിനങ്ങൾക്കുമുള്ളപോസ്റ്ററുകൾ നിർമ്മിക്കുന്നു

Scanned with OKEN Scanner

## 8. എഴുത്തിന്റെ ലോകം

ലക്ഷ്യം:

കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ

പ്രവർത്തനം

- അറബി ഭാഷയിടെ തനതായ സൗന്ദര്യ എഴുത്ത് (നസ്ഖി, റുഖഇ) എഴുത്തുകളാണു.
- ഓരോ കുട്ടികൾക്കും പ്രത്യേക വർക്ക്ഷീറ്റുകളും കോപ്പികളും നല്കി പരിശീലനം നല്കൽ
- വർഷത്തിൽ ഒരിക്കൽ കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുക
- ചുമർ പത്രിക
- മാസിക നിർമ്മാണം
- ചുമർ പത്രിക നിർമ്മാണം
- വായനാ കാർഡ് നിർമ്മാണം

## 9. മത്സരങ്ങളുടെ ലോകം

മുഴുവൻ വിദ്യാർത്ഥികളിലെയും വ്യത്യസ്ഥ കഴിവുകളെ പരിപോഷിക്കുന്നതിനു (അറബിക്) മത്സരങ്ങൾ സംഘടിപ്പിക്കുക.

ഉദാഹരണം:

- ക്വിസ്
- പദ നിർമ്മാണം
- കഥ പറയൽ
- കവിത ചൊല്ലൽ
- പദപ്രശ്നം
- കളറിങ്ങ്
- മെമ്മറി ടെസ്റ്റ്
- ഗദ്യ വായന
- ആംഗ്യ ഗാനം
- ഖുർആൻ പാരായനം
- പദപ്പയറ്റ്
- പസിൽസ്

Scanned with OKEN Scanner

## 10.അറബിക് ഫെസ്റ്റ്

- അന്താരഷ്ട്ര അറബിക് ദിനത്തിലോ മറ്റോ ഒരു ഫുൾഡേ/ഹാഫ്ഡേ അറബിക് ഫെസ്റ്റ് നടത്തുക
- കാര്യപരിപാടികൾ:

  ഉത്ഘാടനം
- ആദരിക്കൽ (ഇത് വരെ സ്കൂളിൽ നടത്തിയ അറബിക് മത്സരങ്ങളുടെ സമ്മാനദാന ചടങ്ങ്)
- മികച്ച അറബിക് കലാ അവതരണം
- തൊട്ടടുത്ത അറബിക് കവി/സാഹിത്യകാരൻ/പണ്ഡിതനെ,പങ്കെടുപ്പിക്കൽ ആദരിക്കൽ
- തെരഞ്ഞെടുത്ത അറബിക് ഡോക്യുമെന്ററി/ ആനിമേഷൻ പ്രദർഷനം
- അറബിക് എക്സിബിഷൻ (അറബിക് ഭാഷാ ചരിത്രം, വികാസം, പ്രാധാന്യം, ഉപരി പഠനം, ജോലി സാധ്യത, ഭാഷാ സൗന്ദര്യം, അറബിക് കാലിഗ്രാഫി)

Scanned with OKEN Scanner